**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2802** **12-07-2022 - ൽ മറുപടിയ്ക്ക്**

**ബഫർസോണിൽ ഉള്ള നിയന്ത്രണങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.വി. ശ്രീനിജിൻ | | ശ്രീ . എ . കെ . ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | വന്യജീവി സങ്കേതങ്ങൾക്കും ദേശീയോദ്യാനങ്ങൾക്കും ഒരു കിലോമീറ്റർ ചുറ്റളവിൽ രൂപീകരിക്കുന്ന ബഫർസോണിൽ എന്തെല്ലാം നിയന്ത്രണങ്ങളാണ് കേന്ദ്രസർക്കാർ നിർദ്ദേശിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കാമോ; | (എ) | കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന്റെ കത്ത് നം. F.No. 1-9/2007/WL-1 (Pt) തീയതി 09.02.2011 കത്ത് പ്രകാരം പുറപ്പെടുവിച്ച മാർഗ്ഗ നിർദ്ദേശങ്ങൾ പ്രകാരം ഇക്കോ സെൻസിറ്റീവ് സോണിൽ ഉൾപ്പെടുന്ന പ്രദേശങ്ങളിൽ നിരോധിക്കപ്പെടുന്നതും (Prohibited) നിയന്ത്രിക്കപ്പെടുന്നതുമായ (Regulated) പ്രവർത്തനങ്ങൾ അനുബന്ധമായി ചേർക്കുന്നു.<br><br>ഇതോടൊപ്പം മഴവെള്ള സംഭരണം, ജൈവകൃഷി, ഹരിത സാങ്കേതികവിദ്യ സ്വീകരിക്കൽ തുടങ്ങിയ പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കാനും നിർദ്ദേശമുണ്ട്. |
| (ബി) | ബഫർസോണിൽ ഉൾപ്പെടുന്ന ജനസാന്ദ്രത കൂടിയ മേഖലകളെ ഒഴിവാക്കണമെന്ന കേരളത്തിന്റെ നിർദ്ദേശം കേന്ദ്ര സർക്കാർ അംഗീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ? | (ബി) | ഇക്കോ സെൻസിറ്റീവ് സോണിൽ നിന്നും ജനസാന്ദ്രത കൂടിയ മേഖലകളേയും സർക്കാർ / അർദ്ധസർക്കാർ / പൊതു സ്ഥാപനങ്ങൾ ഉൾപ്പെടുന്ന പ്രദേശങ്ങളേയും ഒഴിവാക്കിക്കൊണ്ട് പുതുക്കിയ ഭൂപടത്തോടുകൂടിയ കരട് ഭേദഗതി നിർദ്ദേശം തയ്യാറാക്കി കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന് സമർപ്പിച്ചിട്ടുണ്ട്. കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയം ഈ പ്രൊപ്പോസലുകൾക്ക് അംഗീകാരം നൽകുന്നതിന്റെ ഭാഗമായി എക്സ്പേർട്ട് കമ്മറ്റി യോഗങ്ങൾ ചേരുകയും തുടർന്ന് ആവശ്യപ്പെട്ട അധിക വിവരങ്ങൾ കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. ജനവാസ മേഖലകൾ ഉൾപ്പെട്ടിട്ടില്ലാത്ത ഇരവികുളം, ചിന്നാർ, കുറിഞ്ഞിമല, പാമ്പാടുംഷോല, ആനമുടിഷോല എന്നിവയുടെ പ്രൊപ്പോസലുകൾക്ക് അംഗീകാരം നൽകുന്നതിന് തത്വത്തിൽ തീരുമാനമായിട്ടുണ്ട്. സൈലൻറ് വാലി, പറമ്പിക്കുളം തുടങ്ങിയ പ്രൊപ്പോസലുകൾക്ക് അംഗീകാരം നൽകുന്നതിനായി കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയം ആവശ്യപ്പെട്ട വിവരങ്ങൾ |

| | | | |
|---|---|---|---|
| | | | സമർപ്പിച്ചിട്ടുണ്ട്. ജനവാസമേഖലകളെ ഒഴിവാക്കിക്കൊണ്ട് സമർപ്പിച്ച എല്ലാ പ്രൊപ്പോസുകൾക്കും അംഗീകാരം നൽകുന്നത് സംബന്ധിച്ച കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ നടപടികൾ അവസാന ഘട്ടത്തിലാണ്. ഈ ഘട്ടത്തിലാണ് ബഹു. സുപ്രീം കോടതി വിധി ഉണ്ടാകുന്നത്.<br><br>ബഹു. സുപ്രീം കോടതിയുടെ വിധിയെത്തുടർന്ന് 08-06-2022-ൽ വനം വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിലെ തീരുമാന പ്രകാരം കേരളത്തിലെ പ്രത്യേക സാഹചര്യങ്ങൾ കണക്കിലെടുത്ത് റിവ്യൂ/മോഡിഫിക്കേഷൻ പെറ്റീഷൻ ഫയൽ ചെയ്യുന്നതിനുള്ള നിർദ്ദേശം 24-06-2022-ൽ സംസ്ഥാന സർക്കാർ അഡ്വക്കേറ്റ് ജനറലിന് നൽകുകയും റിവ്യൂ മോഡിഫിക്കേഷൻ പെറ്റീഷൻ ഫയൽ ചെയ്യുന്നതിന് ആവശ്യമായ വിവരങ്ങൾ അഡ്വക്കേറ്റ് ജനറലിന് കൈമാറുകയും ചെയ്തിട്ടുണ്ട്. സംസ്ഥാനത്തെ പ്രത്യേക സാഹചര്യത്തിൽ ജനവാസമേഖലകളെ ഒഴിവാക്കിക്കൊണ്ട് നിലവിൽ സമർപ്പിച്ചിട്ടുള്ള പ്രൊപ്പോസലുകൾ അംഗീകരിച്ച് ഇക്കോ സെൻസിറ്റീവ് സോൺ പ്രഖ്യാപിക്കുന്നതിനുള്ള നടപടികൾക്കായി കേന്ദ്ര എംപവേർഡ് കമ്മിറ്റിയേയും ബഹു. സുപ്രീം കോടതിയെയും സമീപിക്കണമെന്ന് സംസ്ഥാന സർക്കാർ 25-06-2022-ലെ ഡി2/46/2019/വനം നമ്പർ കത്ത് പ്രകാരം കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തോട് അഭ്യർത്ഥിക്കുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

അനുബന്ധം

| നിരോധിക്കപ്പെടുന്നത് (Prohibited) | നിയന്ത്രിക്കപ്പെടുന്നത് (Regulated) |
|---|---|
| വാണിജ്യ ഖനനം | മരങ്ങൾ മുറിച്ചു മാറ്റുക |
| തടിമില്ലുകൾ സ്ഥാപിക്കുക, | ഹോട്ടലുകളും റിസോർട്ടുകളും ആരംഭിക്കുക, |
| മലിനീകരണമുണ്ടാകുന്ന വ്യവസായങ്ങൾ ആരംഭിക്കുക, | കാർഷിക മേഖലയിലെ ഗുരുതരമായ മാറ്റം |
| വിറകിന്റെ വാണിജ്യ ഉപയോഗം | പ്രകൃതിദത്ത ജലത്തിന്റെ വ്യവസായിക ഉപയോഗം |
| വൻകിട ജലവൈദ്യുത പദ്ധതികൾ ആരംഭിക്കുക | ഇലക്ട്രിക് കേബിളുകൾ സ്ഥാപിക്കുക |
| അപകടകരമായ വസ്തുക്കളുടെ ഉൽപ്പാദനവും ഉപയോഗവും | ഹോട്ടലുകൾ ലോഡ്ജുകൾ എന്നിവയ്ക്ക് ചുറ്റും വേലി സ്ഥാപിക്കുക |
| ടൂറിസത്തിന്റെ ഭാഗമായി നാഷണൽ പാർക്കുകൾക്കു മുകളിലൂടെയുള്ള ആകാശയാത്ര | റോഡ് വീതി കൂട്ടുക |
| ജലാശയങ്ങളിൽ മലിന വസ്തുക്കൾ നിക്ഷേപിക്കുക | വാണിജ്യാവശ്യത്തിനായുള്ള വാഹനങ്ങളുടെ രാത്രികാല യാത്ര |
| | വിദേശ പക്ഷി ജന്തുജാലങ്ങളെ കൊണ്ടുവരുക |
| | കുന്നിൻചരിവുകളുടെയും നദീതീരങ്ങളുടെയും സംരക്ഷണത്തിനായുള്ള പ്രവർത്തികൾ |
| | വായു/ വാഹന മലിനീകരണം |
| | പരസ്യ ബോർഡുകൾ സ്ഥാപിക്കുക |